Draft #5 of File 17342/AC A9-1/2022/AC A 9 Approved by ASSISTANT REGISTRAR III (ACADEMIC) on 06-May-2022 03:37 PM - Page 1

**മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം**

<u>സംഗ്രഹം</u>

PG CSS 2019 - M.Sc Home Science Branch X A Child Development പ്രോഗ്രാമിന്റെ ഇലക്ടീവ് ഗ്രൂപ്പുകൾ പുന:ക്രമീകരിക്കുന്നതിനുള്ള ശിപാർശ - സർവ്വകലാശാലാ ആക്ട് 1985 അദ്ധ്യായം 3 വകുപ്പ് 10 (17) പ്രകാരം ബഹു: വൈസ് ചാൻസലർ അംഗീകരിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു:-

---

**അക്കാദമിക് എ 9 സെക്ഷൻ**

നമ്പർ. 4736/AC A 9/2022/എം.ജി.യു പ്രിയദർശിനി ഹിൽസ്,തീയതി: 06.05.2022

---

*പരാമർശം:*-1) PG CSS 2019 റഗുലേഷൻസ് പ്രകാരമുള്ള M.Sc Home Science - Branch X A Child Development പ്രോഗ്രാമിന്റെ സിലബസ്.

2) 11.02.2022 തീയതിയിലെ സർവ്വകലാശാലാ ഉത്തരവ് നമ്പർ 1416/AC A9/2022/എം.ജി.യു.

3) ബോർഡ് ഓഫ് സ്റ്റഡീസ് അദ്ധ്യക്ഷയുടെ 29.04.2022 തീയതിയിലെ ശിപാർശ.

4) സർവ്വകലാശാലാ ആക്ട് 1985 അദ്ധ്യായം 3 വകുപ്പ് 10 (17) പ്രകാരം 05.05.2022 തീയതിയിലെ ബഹു: വൈസ് ചാൻസലറുടെ ഉത്തരവ്.

<u>ഉത്തരവ്</u>

PG CSS 2019 റഗുലേഷൻസ് ബാധകമായ M.Sc Home Science Branch X A Child Development പ്രോഗ്രാമിന്റെ 2019 - 2021 ബാച്ചിന്റെ ഇലക്ടീവ് കോഴ്സുകൾ പരാമർശം (1) സിലബസ് പ്രകാരം അല്ലാതെ കോളേജിൽ നിന്ന് തെരഞ്ഞെടുത്തിരുന്നു. തുടർന്ന് ടി ബാച്ചിന് ആകെ ക്രെഡിറ്റ് 81 വരുന്ന സാഹചര്യം ഉണ്ടായി. പഠനവും പരീക്ഷകളും കഴിഞ്ഞതിനാൽ, ഈ ബാച്ചിന് മാത്രമായി, ആകെ 81 ക്രെഡിറ്റ് വരുന്ന രീതിയിൽ പ്രോഗ്രാം ക്രെഡിറ്റ് നിജപ്പെടുത്തി നൽകുന്നതിനും, 2020 മുതൽ റഗുലേഷൻസ് അനുശാസിക്കുന്ന വിധം 80 ക്രെഡിറ്റിൽ തുടർന്ന് പോകുന്നതിനുമായി പരാമർശം (2) പ്രകാരമുള്ള സർവ്വകലാശാലാ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

എന്നാൽ, ഇത്തരത്തിൽ ഒരു ബാച്ചിന് മാത്രമായി വ്യത്യസ്തമായി ക്രെഡിറ്റ് നൽകുന്നത് സാങ്കേതികമായി പ്രായോഗികമല്ല എന്ന് CETEX (പരീക്ഷാ) വിഭാഗത്തിൽ നിന്ന് റിപ്പോർട്ട് ചെയ്യപ്പെട്ടതിനെത്തുടർന്ന്, വിവിധ ചർച്ചകൾ നടക്കുകയും, PG CSS 2019 റഗുലേഷൻസിന് വിധേയമായി ടി പ്രോഗ്രാമിന് ആകെ ക്രെഡിറ്റ് 80 ആയി തന്നെ തുടർന്നില്ല എങ്കിൽ മറ്റ് പ്രോഗ്രാമുകളിൽ നിന്ന് വ്യത്യസ്തമായ ക്രെഡിറ്റ് ഉണ്ടാകുന്ന സാഹചര്യം ചൂണ്ടിക്കാണിക്കപ്പെടുകയും ചെയ്തു.

Draft #5 of File 17342/AC A9-1/2022/AC A 9 Approved by ASSISTANT REGISTRAR III (ACADEMIC) on 06-May-2022 03:37 PM - Page 2

തുടർന്ന് പരാമർശം (2) പ്രകാരമുള്ള ഉത്തരവ് റദ്ദ് ചെയ്യുന്നതിനും, പ്രോഗ്രാമിന്റെ ഇലക്റ്റീവ് ഗ്രൂപ്പുകൾ ചുവടെയുള്ള പട്ടിക പ്രകാരം പുന:ക്രമീകരിച്ച്, ചില കോഴ്സുകളുടെ ക്രെഡിറ്റിൽ മാറ്റം വരുത്തി അംഗീകരിക്കുന്നതിനും ഇനിയൊരു സിലബസ് പരിഷ്ക്കരണം ഉണ്ടാകുന്നത് വരെ മറ്റ് മാറ്റങ്ങൾ ഇല്ലാതെ തുടരുന്നതിനും, 2019-2021 ബാച്ച് വിദ്യാർത്ഥികളുടെ പരീക്ഷാ ഫലം അടിയന്തിരമായി പ്രസിദ്ധീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിനും ഉള്ള ശിപാർശകൾ പരാമർശം (3) പ്രകാരം സമർപ്പിക്കപ്പെട്ടു.

| | Course Code | Course Title | Credits |
|---|---|---|---|
| Group A | HS860401 | Gifted and Creative Children | 4 |
| | HS870401 | Gerentology and Care of the Elderly | 4 |
| | HS880401 | Public Health Nutrition | 3 |
| Group B | HS860402 | Guidance and Counselling | 4 |
| | HS870402 | Women's Studies | 4 |
| | HS880402 | Development of the Self | 3 |
| Group C | HS860403 | Administrative and Management of ECE Centres | 4 |
| | HS870403 | Entrepreneurship Development | 4 |
| | HS880403 | Gender Issues in Human Development and Family Relations | 3 |

സർവ്വകലാശാലാ ആക്ട് 1985 അദ്ധ്യായം 3 വകുപ്പ് 10 (17) നൽകുന്ന പ്രത്യേക അധികാരം ഉപയോഗിച്ച് പരാമർശം (4) പ്രകാരം മേൽ ശിപാർശകൾ ബഹു: വൈസ് ചാൻസലർ അംഗീകരിച്ചിരിക്കുന്നു.

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു.

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

റേച്ചൽ കെ ഐ

അസിസ്റ്റന്റ് രജിസ്ട്രാർ 3 (അക്കാദമിക്)
രജിസ്ട്രാർക്ക് വേണ്ടി

പകർപ്പ്

1) വി.സി./പി.വി.സി. എന്നിവരുടെ പി.എസ്.മാർ
2) രജിസ്ട്രാർ / പരീക്ഷാ കൺട്രോളർ എന്നിവരുടെ പി.എ.മാർ
3) ജെ.ആർ. II (ഭരണവിഭാഗം) / ഡി.ആർ. II / എ.ആർ.III (അക്കാദമിക്)
4) ജെ.ആർ. II / ഡി.ആർ. I , V / എ.ആർ. VIII (പരീക്ഷാ വിഭാഗം)
5) സിസ്റ്റം മാനേജർ / CETEX
6) ഇ എച്ച് 12 / കണ്ടന്റ് മാനേജ്മെന്റ് / ഐ ക്യൂ എ സി / എ സി സി 1 , 2 / റെക്കോർഡ്സ് സെക്ഷനുകൾ
7) സ്റ്റോക്ക് ഫയൽ / ഫയൽ കോപ്പി

File No: 17342/AC A9-1/2022/AC A 9

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

Draft #5 of File 17342/AC A9-1/2022/AC A 9 Approved by ASSISTANT REGISTRAR III (ACADEMIC) on 06-May-2022 03:37 PM - Page 3